<u>റിപ്പോർട്ട് സമർപ്പണം</u>

<u>2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

<u>സബ്ജക്ട് കമ്മിറ്റി V -ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.</u>

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, സബ്ജക്ട് കമ്മിറ്റി V-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

<u>സബ്ജക്ട് കമ്മിറ്റി X -ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച</u>

<u>മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും</u>

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: സർ, സബ്ജക്ട് കമ്മിറ്റി X -ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013–2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

<u>സബ്ജക്ട് കമ്മിറ്റി XII -ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013–2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ)</u>: സർ, സബ്ജക്ട് കമ്മിറ്റി XII -ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013–2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

<u>അറിയിപ്പ്</u>

## അനൗദ്യോഗികാംഗങ്ങളുടെ പ്രമേയങ്ങളുടെയും ബില്ലുകളുടെയും അവതരണാനുമതി സംബന്ധിച്ച്

മി. സ്പീക്കർ: വെള്ളിയാഴ്ച അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി തേടുന്ന അവസരത്തിൽ വളരെയധികം ബില്ലുകൾ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാൽ അവതരണാനുമതി തേടുന്ന അംഗങ്ങൾക്ക് മൂന്ന് നാല് മിനിട്ടുമാത്രമേ സംസാരിക്കാൻ അവസരം ലഭിക്കാറുള്ളൂ. ജൂൺ 13-ാം തീയതി 24 ബില്ലുകളായിരുന്നു കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇക്കാര്യത്തിൽ ഒരു മാറ്റം വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇനിമുതൽ അനൗദ്യോഗിക ബില്ലുകളുടെ ചർച്ച വരുന്ന ദിവസങ്ങളിൽ പരമാവധി 5 ബില്ലുകളുടെ അവതരണാനുമതി പ്രമേയവും 3 ബില്ലുകളുടെ തുടർചർച്ചയും മാത്രമേ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തുകയുള്ളൂ. നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങളിൽനിന്നും നറുക്കെടുപ്പിലൂടെ മുൻഗണന ലഭിക്കുന്ന 5 അംഗങ്ങളുടെ ഓരോ ബില്ലുകൾക്ക് അവതരണാനുമതി പ്രമേയം അവതരിപ്പിക്കുന്നതിന് അവസരം നൽകും. പുതുക്കിയ ഈ രീതിയിൽ സമയം അനുവദിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർമാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. പുതുക്കിയ നടപടിക്രമത്തിലൂടെ അവതരണാനുമതി പ്രമേയങ്ങൾ അവതരിപ്പിക്കുന്ന അംഗങ്ങൾക്ക് കൂടുതൽ സമയം ലഭിക്കുമെന്ന് ചെയർ കരുതുന്നു.

## അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.